**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 472 — 30.06.2014-ൽ മറുപടിയ്ക്ക്

**ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം**

| ചോദ്യം<br>ശ്രീ.പി.എ.മാധവൻ<br>,, ലൂഡി ലൂയിസ്<br>,, സണ്ണി ജോസഫ് | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ മാക്കുമോ; | എ) 24/09/2010 തിയതിയിലെ G.O(Ms) .No.32/2010/ITD പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ, ഭക്ഷ്യവും-പൊതു വിതരണവും എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ സിസ്റ്റം (ഡി.ഡി.എഫ്.സ്) എന്ന കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിരുന്നു. സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം എന്ന കടലാസ് രഹിത ഫയൽ സംവിധാനം നടപ്പാക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) തയ്യാറാക്കിയ "ഇ-ഓഫീസ് "എന്ന കടലാസ് രഹിത ഫയൽ സംവിധാനം സെക്രട്ടേറിയറ്റിലെ എല്ലാ വകു പ്പുകളിലും നടപ്പിലാക്കുന്നതിന് 24/08/2013 ലെ G.O(Ms) 10/2013/ITD പ്രകാരവും ടി സംവിധാനം രണ്ടു ഘട്ടങ്ങളായി നടപ്പി ലാക്കുന്നതിന് 24/02/2014 ലെ G.O(Ms) No.11/2014/ITD പ്രകാരവും ഉത്തരവായിട്ടുണ്ട്. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബി) ഫയലുകളുടെ നീക്കം വേഗത്തിലും കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുക എന്നതാണ് കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം. |
| സി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഇത് മുഖാന്തിരം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | സി) കടലാസ് രഹിത ഫയൽ സംവിധാനങ്ങളിലെല്ലാം തന്നെ ഫയൽ പ്രോസസിംഗ് പരിപൂർണമായും കമ്പ്യൂട്ടർ വൽക്കരിക്കപ്പെടുന്നു ടി സംവിധാനങ്ങളിൽ അതത് വകുപ്പുകളുടെ ഓഫീസ് സെക്ഷനിൽ എത്തുന്ന തപാലുകൾ |

| | |
|---|---|
| | സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി കമ്പ്യൂട്ടർ നെറ്റ് വർക്ക് വഴി സെക്ഷനുകളിലേക്ക് അയക്കുന്നു. അവ ഡിജിറ്റൽ ഫയലുകളായി തന്നെ ഉത്തരവുകൾക്കും മറ്റ് നടപടി ക്രമ ങ്ങൾക്കും വിധേയമാകുന്നു. തീർപ്പാക്കിയ ഫയ ലുകൾ ഡിജിറ്റൽ രൂപത്തിൽ സംരക്ഷിക്കപ്പെട്ടുന്നതിനാൽ പിൽക്കാലത്ത് ആവശ്യ മെങ്കിൽ അവ വേഗത്തിൽ ലഭ്യമാക്കാനും കഴിയും. |
| ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി)ഡി.ഡി.എഫ്.എസ് സംവിധാനം നടപ്പാക്കുന്നത് കെൽട്രോൺ ആണ്. "ഇ-ഓഫീസ്" നടപ്പിലാക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC), ഐറ്റി മിഷൻ , സ്റ്റേറ്റ് ഇ - ഗവേർണൻസ് മിഷൻ ടീം (SeMT)എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ്. |

സെക്ഷൻ ഓഫീസർ